വിഭാഗത്തിനു് ജലസേചന സൗകര്യം നൽകുന്നതുമായ ഈ പദ്ധതി മുമ്പോട്ടു കൊണ്ടുപോകുന്നതിനു് വേണ്ട നടപടികളും സ്വീകരിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുകയാണു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): സർ, ഈ വിഷയം കഴിഞ്ഞ നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിലും പലതവണ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതും, അപ്പോൾ ഇതിന്റെ വിശദാംശങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതുമാണു്. മൂന്നാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചില പദ്ധതികളെ സംബന്ധിച്ചിടത്തോളം പ്ലാനിംഗു് കമ്മീഷന്റെ ടെക്കനിക്കൽ ക്ലീയറൻസു് കിട്ടിയിട്ടില്ല. അതു കിട്ടണമെന്നു കാണിച്ചു് നേരിട്ടു ചർച്ചകളും നടത്തിയും നിവേദനംമൂലവും ഇൻഡ്യാ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടു്. സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷൻ, ഇതു വേണ്ടിടത്തോളം പരിഗണന നൽകി കഴിയുന്നതും വേഗം ടെക്കനിക്കൽ ക്ലീയറൻസു് നൽകുന്നതിനു നിർദ്ദേശം നൽകീയിട്ടുണ്ടു്. എന്നുമാത്രമല്ല, ഒരു ആഫീസറെ സ്പെഷ്യലായിട്ടു് അവിടെ അയയ്ക്കണമെന്നു നിർദ്ദേശിച്ചതനുസരിച്ചു് ഈ കാര്യം ഡിസ്കസ്സുചെയ്യാൻ ഒരു ആഫീസറെ ദൽഹിയിലേക്കു് അയച്ചിട്ടുണ്ടു്. അതു സംബന്ധിച്ച ഡിസ്കഷൻ ആരംഭിച്ചിരിക്കണം. ഇതാണു് ഇതുസംബന്ധിച്ച ഇന്നത്തെ സ്ഥിതി, രണ്ടാം പദ്ധതിയിലായാലും മൂന്നാം പദ്ധതിയിലായാലും ഏറെറടുത്തിട്ടുള്ള വർക്കുകളും എല്ലാം ടെക്കനിക്കൽ ക്ലീയറൻസിനു കാത്തിരിക്കാതെ പണം ചെലവുചെയ്യുകയും, അതിനു് ഇൻഡ്യാ ഗവണ്മെൻറു അനുവദിക്കുകയും ചെയ്തിരുന്നു. സാമ്പത്തികമായ പ്രയാസങ്ങൾകൊണ്ടായിരിക്കുമോ എന്നറിഞ്ഞില്ല, ടെക്കനിക്കൽ ക്ലീയറൻസു കിട്ടുന്നതിനുമുൻപു് പണിയൊന്നും തുടങ്ങരുതു് എന്നു കേന്ദ്രഗവണ്മെൻറിൽനിന്നു കർശനമായ നിർദ്ദേശം തന്നിട്ടുണ്ടു്. ഈ പദ്ധതിയുടെ പണി ഇപ്പോൾ നടത്തുന്നില്ല എന്നല്ലാതെ അതു നിറുത്തിവച്ചിട്ടില്ല. പണി തുടർന്നു നടത്തി പൂർത്തിയാക്കിയിട്ടില്ലെന്നേയുള്ളു; പണി നിറുത്തിവച്ചിട്ടില്ല. ഈ പദ്ധതി മൂന്നാം പദ്ധതിയിൽ നിന്നു് ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടില്ല. കേന്ദ്രഗവണ്മെൻറിന്റെ അനുവാദം കിട്ടുന്നതിനു് മുൻപു് ഇനി പണി തുടങ്ങരുതെന്നാണു് നിർദ്ദേശം. ആ സ്ഥിതിക്കു് സ്റ്റാഫിനെ വെറുതെ നിറുത്തി ശമ്പളം കൊടുക്കേണ്ടാ എന്ന കരുതിയിട്ടാണു് ചിലരെ മറ്റു സ്ഥലങ്ങളിലേക്കു് മാററി നിയമിച്ചതു്. അതുകൊണ്ടു് ഈ പദ്ധതി ഉപേക്ഷിച്ചതായി കണക്കാക്കണമെന്നില്ല. ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചുമാത്രമാണു് ഈ പദ്ധതിയുടെ പണി തൽക്കാലം നിറുത്തിവച്ചതു്. ഇക്കാര്യത്തെ സംബന്ധിച്ചു് അടുത്ത ദിവസങ്ങളിൽ നടന്ന രണ്ടു കാൺഫറൻസുകളിലും സംബന്ധിച്ചിരുന്നവർ ഇതിന്റെ നടത്തിപ്പിനെപ്പറ്റി സംസാരിച്ചിട്ടുണ്ടു്. വാട്ടർ പൗവ്വർ കമ്മീഷൻ ഈ വിഷയത്തെ കാര്യമായി പരിഗണിച്ചിട്ടുണ്ടു്. സംസ്ഥാനത്തെ എം. പി. മാർ എല്ലാവരും ഉൾപ്പെട്ട ഒരു കാൺഫറൻസിലും ഈ വിഷയം ചർച്ചചെയ്യുകയുണ്ടായി. സംസ്ഥാന ഗവണ്മെൻറിനു് സ്വന്തനിലയിൽ കുറെ പണം ചെലവാക്കാൻ കഴിയുമായിരുന്നെങ്കിൽ കേന്ദ്രഗവണ്മെൻറിന്റെ അനുവാദം പ്രതീക്ഷിച്ചുകൊണ്ടു് ഈ പദ്ധതി തുടർന്നു നടത്താമായിരുന്നു. അതിനു തൽക്കാലം നിവൃത്തിയില്ല. ഈ പദ്ധതി ഇപ്പോൾ നിറുത്തിവച്ചിട്ടുള്ളതു് കഴിയുന്നതുംവേഗം ഏറെറടുത്തു നടത്താൻ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണു്.

Mr. Speaker : Now, we pass on to the next item in the list of business.

Presentation of Report.

Shri K. V. Narayanan: Sir, I, Chairman of the Committee on Private Members' Bills and Resolutions present the First Report of the Committee in 1964.

Debate on the Governor's Address (*contd.*)

Mr. Speaker: We will resume the Debate on the Governor's Address. I call upon Shri Baby John to speak. The Member can take only 10 minutes.

LIBRARY ARCHIVES Kerala Legislative Assembly